# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3489 — 24.06.2013-ൽ മറുപടിയ്ക്ക്

### ഓട്ടോമാറ്റിക് ചെലാൻ ജനറേറ്റിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" പാലോട് രവി<br>" സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ട്രാഫിക് നിയമം ലംഘിക്കുന്നവരെ തത്സമയം തന്നെ കണ്ടെത്താനും പിഴയിടാനുമായി ഓട്ടോമാറ്റിക് ചെലാൻ ജനറേറ്റിംഗ് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. ട്രാഫിക് നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനായി ക്യാമറ, മൊബൈൽ പട്രോൾ വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇ-ചെല്ലാൻ ജനറേറ്റ് ചെയ്യുന്ന ഓട്ടോമേഷൻ ചെല്ലാൻ ജനറേറ്റർ 3 നഗരങ്ങളിൽ പ്രവർത്തന സജ്ജമാണ്. ട്രാഫിക് ഫൈൻ സ്വീകരിക്കുന്നതിനായി ബാങ്ക് മുഖാന്തിരം നടപ്പിലാക്കിയ ഇ-പേമെന്റും, ഇ-ചെല്ലാനും സംയോജിച്ച് ഇ-പേമെന്റ് ഗേറ്റ്‌വേ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ഇത് നടപ്പിലായാൽ പൗരന്മാർക്ക് ട്രാഫിക് ഫൈൻ, ബാങ്കിലോ പോസ്റ്റ് ഓഫീസിലോ അക്ഷയ സെന്ററിലോ അടയ്ക്കാൻ കഴിയും. ഇത് സുതാര്യത വർദ്ധിപ്പിക്കും. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് സ്പോട്ട് ചെക്കിംഗിന് വിവര സാങ്കേതിക വിദ്യ വഴി തത്സമയം നിയമ ലംഘകരുടെ പൂർവ്വ നിയമ ലംഘനങ്ങൾ മനസ്സിലാക്കുന്നതിനും അതുവഴി അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | സ്പോട്ട് ചെക്കിംഗ് വേഗത്തിലാക്കുക, പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യം പരമാവധി കുറയ്ക്കുക, സ്ഥിരം കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരിക, ട്രാഫിക് ഫൈൻ അടയ്ക്കുന്നത് കൂടുതൽ സൗകര്യപ്രദമാക്കുക, അഴിമതി ഇല്ലാതാക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | ഏതെല്ലാം ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; | (സി) & (ഡി) | ബാങ്ക്, പോസ്റ്റ് ഓഫീസ്, അക്ഷയ സെന്റർ, എൻ.ഐ.സി, കെൽട്രോൺ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികളുമായി ചർച്ച നടത്തുകയും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

**സെക്ഷൻ ഓഫീസർ**